മൊട്ടമൂട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ

58 [3754] *ശ്രീ. തമ്പാനൂർ രവി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ബാലരാമപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മൊട്ടമൂട് കേന്ദ്രീകരിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ട് എത്ര കാലമായി;

(ബി) ഇതിൻമേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കാലതാമസത്തിനുള്ള കാരണം എന്താണ്;

(ഡി) കാലതാമസം ഒഴിവാക്കി പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) — (ഡി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുവേണ്ടി, സർക്കാർ അംഗീകാരം നൽകിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിലെ 'മൊട്ടമൂട്' എന്ന സ്ഥലം ഉൾപ്പെട്ടിട്ടില്ല.

കോഴിക്കോട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ സ്റ്റാഫ് സ്ട്രെങ്ത്

59 [3755] *ശ്രീ. എ. സി. ഷണ്മുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, എലത്തൂർ, കാക്കൂർ പോലീസ് സ്റ്റേഷനുകളിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് സ്ട്രെങ്ത് എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഓരോ പോലീസ് സ്റ്റേഷനിലും ഇപ്പോൾ എത്ര പേരുടെ തസ്തിക നികത്തപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഒഴിവുള്ള തസ്തികകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഓരോ പോലീസ് സ്റ്റേഷനുകളിലും എത്ര വീതം വനിതാ പോലീസുകാരെ നിയമിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1. എലത്തൂർ പി. എസ്.

സബ് ഇൻസ്പെക്ടർ	..	1
എ. എസ്. ഐ.	..	2
എച്ച്. സി.	..	9
പി. സി.	..	25
വനിതാ എച്ച്. സി.	..	1
വനിതാ പി. സി.	..	3

LIBRARY ARCHIVES Kerala Legislative Assembly